**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>ഭൂമി തരംമാറ്റൽ അപേക്ഷകളുടെ ബാഹുല്യം മൂലവും കോവിഡ് -19 വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളും, കൂടാതെ, കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ, ഇലക്ഷൻ - പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് ജീവനക്കാരെ നിയമിക്കേണ്ടി വന്നതിനാലും ഭൂമി തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിൽ പൊതുവെ കാലതാമസം നേരിടുകയുണ്ടായി. നിലവിലുള്ള നിയമത്തിൽ 25 സെന്റ് സ്ഥലം വരെ തരം മാറ്റത്തിന് പണമടയ്ക്കേണ്ട എന്ന തീരുമാനത്തിലൂടെ അപേക്ഷകളുടെ എണ്ണം നിരവധി ഇരട്ടിയായി. ഇതിനെ തുടർന്നുണ്ടായ കോടതി വ്യവഹാരങ്ങളും കാലതാമസത്തിന് ഇടയാക്കി. ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയും ആവശ്യമെന്ന് കാണുന്ന പക്ഷം നേരിട്ട് സ്ഥല പരിശോധന നടത്തിയും രേഖകൾ പരിശോധിച്ചും, വളരെ അവധാനതയോടെയും സൂക്ഷ്മതയോടെയുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർമാർ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത്. എന്നാൽ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും, ഇപ്രകാരം വർദ്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായുള്ള വേണ്ടത്ര ജീവനക്കാരുടെ കുറവും, കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും, ഫീൽഡ് പരിശോധനയ്ക്കായുള്ള വാഹനങ്ങളുടെയും അപര്യാപ്തതയും, അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുവാൻ കാരണമാകുകയുണ്ടായി |

എന്നാൽ ഭൂമിതരം മാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 22.02.2022-ലെ സ.ഉ (കൈ) നമ്പർ 56/2022/ആർ.ഡി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും, ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയും, ഫയൽ തീർപ്പാക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുള്ളതാണ്. .
22.02.2022-ലെ സ.ഉ (കൈ) നമ്പർ 56/2022/ ആർ.ഡി. പ്രകാരം, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ടുള്ള അപേക്ഷകൾ സത്വരമായി തീർപ്പാക്കുന്നതിന് ആവശ്യമായ ക്ലാർക്ക്, സർവേയർ, ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ 917 താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്. ഭൂമി തരം മാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അപേക്ഷകൾ കൂടുതലുള്ള വില്ലേജുകളിൽ രണ്ട് വില്ലേജുകൾക്കു ഒരു വാഹനം എന്ന നിലക്ക് ഫീൽഡ് പരിശോധനയ്ക്കായി വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.

എല്ലാ ആഫീസുകളിലും, അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായും സ്റ്റാൻഡേഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. തരം മാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തിര സാഹചര്യമുള്ളവർക്കും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി തരം മാറ്റ അപേക്ഷയിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിക്കുന്നത് പൂർണ്ണമായി ഓൺലൈൻ മുഖേന ആക്കിയും, നടപടികൾ ലഘൂകരിച്ചും, അപേക്ഷ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദമാക്കിയിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രി, ബഹു.റവന്യൂ വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന അവലോകന

| | | | |
|---|---|---|---|
| | | | യോഗങ്ങൾക്കു പുറമെ, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിലും, റവന്യൂ ഡിവിഷണൽ ഓഫീസർമാരുമായി, നിശ്ചിത സമയങ്ങളിൽ, ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട നടപടികളുടെയും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതിയുടെയും അവലോകനം നടത്തി വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെൽ മുഖേനയും ഭൂമി തരംമാറ്റ അപേക്ഷകളുടെ പ്രതിദിന തീർപ്പാക്കൽ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. കൂടാതെ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ച്ചകളിലും ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ് , ഭൂമി തരം മാറ്റ അപേക്ഷകളിലെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കണയന്നൂർ താലൂക്കുകളിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്; വിശദമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് 3862 അപേക്ഷകളും, കണയന്നൂർ താലൂക്കിൽ 3834 അപേക്ഷളും, ഓഫ് ലൈനും ഓൺ ലൈനുമായി, തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. വിശദവിവരം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. |
| (സി) | കാലതാമസം ഒഴിവാക്കി പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അദാലത്തുകൾ നടത്തി പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് തീർപ്പാക്കുവാൻ സാധ്യമായ, ശേഷിക്കുന്ന ഓഫ് ലൈൻ അപേക്ഷകൾ, 2022 നവംബർ 1 നകം പൂർണ്ണമായും തീർപ്പാക്കുന്നതിനും, ഓൺ ലൈൻ അപേക്ഷകൾ പരമാവധി തീർപ്പാക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ടിട്ടുള്ളതാണ്. കൂടാതെ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പ്രതിദിനം വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

| താലൂക്ക് | | ആകെ അപേക്ഷകൾ | തീർപ്പാക്കിയ അപേക്ഷകൾ | തീർപ്പാക്കാൻ ശേഷിക്കുന്നത് |
|---|---|---|---|---|
| **മൂവാറ്റുപുഴ** | ഓഫ് ലൈൻ | 5436 | 4094 | 1342 |
| | ഓൺ ലൈൻ | 2724 | 204 | 2520 |
| | **ആകെ** | **8160** | **4298** | **3862** |
| **കണയന്നൂർ** | ഓഫ് ലൈൻ | 5415 | 3865 | 1550 |
| | ഓൺ ലൈൻ | 2289 | 5 | 2284 |
| | **ആകെ** | **7704** | **3870** | **3834** |